# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 65 25.01.2018 -ലെ മറുപടി

## കടൽഭിത്തി നിർമ്മാണപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>" വി.ഡി.സതീശൻ<br>" ഹൈബി ഈഡൻ<br>" എം.വിൻസെന്റ് | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പമന്ത്രി) |
| (എ) തീരദേശ സംരക്ഷണത്തിനായുള്ള കടൽഭിത്തി നിർമ്മാണപദ്ധതി നിർത്തിവെയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്; | (എ) ഇല്ല |
| (ബി) ഇതിന് പകരമായി എന്ത് പുതിയ പദ്ധതിയാണ് തീരദേശത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ; | (ബി) തകർന്നടിഞ്ഞ കടൽഭിത്തികൾ പുനർ നിർമ്മിക്കുന്നതിനോടൊപ്പം ഐ.ഐ.ടി മദ്രാസ്/സിഡബ്ല്യൂപിആർഎസ്, പൂനെ എന്നിവയുടെ പഠന പ്രകാരം കൂടുതൽ കടലാക്രമണ സാധ്യതയുള്ള സ്ഥലങ്ങളിൽ കരിങ്കല്ല് ഉപയോഗിച്ചുള്ള കടൽഭിത്തി/ പുലിമുട്ടുകൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നിർമ്മാണം നടത്തിവരുന്നു. എന്നാൽ ആവശ്യത്തിന് കരിങ്കല്ല് ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്ന തിനാൽ ഫലപ്രദമായ മറ്റു മാർഗങ്ങൾ അതായത് ജിയോട്യൂബ് (Geo-tube), മണൽ ച്ചാക്കുകൾ തുടങ്ങിയ സോഫ്റ്റ് സൊല്യൂഷൻസ് (soft solutions) ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണവും നടത്തിവരുന്നുണ്ട്. അവയുടെ ഗുണ ദോഷങ്ങൾ വിലയിരുത്തി വരുന്നു. കൂടാതെ കേരളത്തിലെ തീരപ്രദേശങ്ങളിൽ അനുയോജ്യമായ കടലാക്രമണ പ്രതിരോധ മാർഗങ്ങൾ നിർദ്ദേശിക്കുന്നതിനായി ഒരു ടെക്നിക്കൽ കമ്മിറ്റി യും രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഓഖി ചുഴലിക്കൊടുങ്കാറ്റ് ആഞ്ഞടിച്ചപ്പോൾ ആലപ്പുഴ ജില്ലയിലെ തീരദേശത്തും എറണാകുളം ചെല്ലാനം പ്രദേശത്തും ഉണ്ടായ വമ്പിച്ച നാശനഷ്ടങ്ങൾ കണക്കിലെടുത്ത് കടൽഭിത്തി ഇല്ലാത്ത ഭാഗങ്ങളിൽ ആയത് നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | ആലപ്പുഴ നിയോജക മണ്ഡലത്തിൽ മരാരിക്കുളം തെക്ക് പഞ്ചായത്ത് വാഴക്കൂട്ടം പൊഴിയിൽ ജിയോ ടെക്സ്റ്റൈൽ ബാഗുകളിൽ മണൽ നിറച്ച് അടുക്കി അടിയന്തിരമായി 2 താല്ക്കാലിക സംരക്ഷണ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. വാഴക്കൂട്ടം പൊഴിയുടെ വടക്കും ഒറ്റമശ്ശേരിയിലും കടലാക്രമണം രൂക്ഷമായതിനാൽ തീരസംരക്ഷണ പ്രവർത്തികൾക്കായി പഠനം നടത്തുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു.<br><br>എറണാകുളം ജില്ലയിലെ ചെല്ലാനം പ്രദേശത്ത് തകർന്ന കടൽ ഭിത്തിയുടെ പുനരുദ്ധാരണ പ്രവർത്തികൾക്കായി 8കോടിരൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പണികൾ ജിയോ ടെക്സ്റ്റൈൽ ട്യൂബ്സ് ഉപയോഗിച്ചു നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ